>> മുഖക്കുറിപ്പ്

# തീ അണയാത്ത ഒറീസ

**എൻ.ഡി.എ** ഭരിക്കുന്ന ഒറീസയിൽ ആഗസ്റ്റ് അവസാനവാരത്തിലാരംഭിച്ച ഹിന്ദുത്വ ഫാഷിസത്തിന്റെ നഗ്നതാണ്ഡവം ഇനിയും അവസാനിച്ചിട്ടില്ല. അമ്പതോളം പേർ ഇതിനകം കൊല്ലപ്പെട്ടു. നൂറുകണക്കിൽ വീടുകൾ അഗ്നിക്കിരയായി. പുരോഹിതന്മാർ ആക്രമിക്കപ്പെട്ടു. കന്യാസ്ത്രീകൾ മാനഭംഗം ചെയ്യപ്പെട്ടു. ആയിരക്കണക്കിനാളുകൾ വീടുവിട്ടോടി വനാന്തരങ്ങളിൽ ഒളിച്ചു കഴിയുകയാണ്. മനുഷ്യസ്നേഹികളായ ഏവരുടെയും കരളലിയിക്കുന്നതാണീ സ്ഥിതിവിശേഷം. ഒറീസയിലെ ഇരകൾ ക്രൈസ്തവ സഹോദരങ്ങളാണെങ്കിലും ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾക്കെതിരെ വളർന്നുവരുന്ന അസഹിഷ്ണുതയുടെയും ഉന്മൂലനോത്സുകതയുടെയും പ്രകടനമായി ഇതിനെ എല്ലാ മതന്യൂനപക്ഷങ്ങളും കാണേണ്ടിയിരിക്കുന്നു.

ഒറീസാ സംഭവത്തിൽ പ്രതിഷേധിച്ച് മിഷനറിമാർ ഇന്ത്യയിൽ നടത്തുന്ന അമ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു ദിവസം അടച്ചിടുകയുണ്ടായി. ക്രൈസ്തവ യൂറോപ്പിലും വ്യാപകമായ പ്രതിഷേധമുയർന്നിരിക്കുന്നു. ഇറ്റലിയുടെ വിദേശകാര്യാലയം അവിടത്തെ ഇന്ത്യൻ അമ്പാസഡർ ആരിഫ് ഖാനെ വിളിച്ചുവരുത്തി പ്രിഷേധമറിയിച്ചു. യൂറോപ്യൻ യൂനിയൻ വിളിച്ചുചേർത്ത് ഇന്ത്യയിലെ ന്യൂനപക്ഷ വിധ്വംസനം ചർച്ച ചെയ്യാനാലോചിക്കുന്നതായി അതിന്റെ തലസ്ഥാനമായ പാരീസിൽനിന്ന് വാർത്തയുണ്ട്. ക്രൈസ്തവ മതമേലധ്യക്ഷൻ പോപ്പും ഒറീസാ സംഭവത്തിൽ അഗാധമായ ഉത്കണ്ഠ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും മുഖം പാശ്ചാത്യ ലോകത്ത് വല്ലാതെ വികൃതമായിരിക്കുന്നുവെന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. യൂറോ-അമേരിക്കൻ പര്യടനവേളയിൽ നമ്മുടെ പ്രധാനമന്ത്രി അത് നന്നായി മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും ഒറീസയിൽ കൊള്ളയും കൊള്ളിവെപ്പും തുടരുകതന്നെയാണ്.

ഹിന്ദുത്വ സംഘടനകൾക്ക് വിപുലമായ സ്വാധീനമുള്ള സംസ്ഥാനമാണ് ഒറീസ. 30 ജില്ലകൾ ഉള്ളതിൽ 25-ലും സംഘ്പരിവാർ നിർണായകശക്തിയാണ്. ആറായിരം ശാഖകളിലായി 150000 അംഗങ്ങൾ സംസ്ഥാനത്ത് ആർ.എസ്.എസ്സിനുണ്ട്. 200 അഖാരകളിലായി ബജ്റംഗ്ദൾ അംഗങ്ങൾ 50000 ആണ്. 125000 വി.എച്ച്.പി പ്രവർത്തകരുമുണ്ട്. കൂടാതെ ദുർഗാ വാഹിനി, ബി.ജെ.പി, യുവമോർച്ച, മഹിളാ മോർച്ച, ഭാരതീയ കിസാൻ സംഘ്, ഭാരതീയ മസ്ദൂർ സംഘ് തുടങ്ങിയ നിരവധി പോഷക സംഘടനകൾ വേറെയും. ഗുജറാത്തിനു ശേഷം ഒറീസയെ മറ്റൊരു ഹിന്ദുത്വ സ്റ്റേറ്റായി പരിവർത്തിപ്പിക്കാനുള്ള കൊണ്ടുപിടിച്ച ശ്രമത്തിലാണവർ. ബജ്റംഗ്ദളിന്റെ സംസ്ഥാന കൺവീനർ 2003-ൽ തന്നെ അക്കാര്യം അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുള്ളതാണ്. എൻ.ഡി.എയുടെ അധികാരാരോഹണം ആ വഴിക്കുള്ള വലിയൊരു മുന്നേറ്റം തന്നെയായിരുന്നു.

ഭരണഘടന വാഗ്ദാനം ചെയ്യുന്ന മതസ്വാതന്ത്ര്യത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇന്ത്യയിൽ ആദ്യമായി (1967) മതപരിവർത്തനം നിരോധിച്ച സംസ്ഥാനമാണ് ഒറീസ. ഏട്ടിൽ നിരോധം പൊതുവായിട്ടുള്ളതാണെങ്കിലും നാട്ടിൽ ഹിന്ദുമതത്തിൽനിന്ന് ഇതര മതങ്ങളിലേക്ക് മാറുന്നതിനു മാത്രമേ നിരോധം ബാധകമാകുന്നുള്ളൂ. മറ്റു മതങ്ങളിൽനിന്ന് ഹിന്ദുമതത്തിലേക്ക് മാറുന്നത് നിയമവിധേയമായ ഘർവാപസി(വീട്ടിലേക്ക് മടങ്ങൽ)യാണ്. ഘർവാപസിക്കുവേണ്ടിയുള്ള പ്രവർത്തനം മുറക്ക് നടക്കുന്നുമുണ്ട്. 2.44 ശതമാനമാണ് ഒറീസയിലെ ക്രൈസ്തവ ജനസംഖ്യ. മുസ്ലിംകൾ 2 ശതമാനവും. ക്രൈസ്തവരുടെ സംഘടിതമായ മിഷനറി പ്രവർത്തനം മൂലം, സാമ്പത്തികമായും വിദ്യാഭ്യാസപരമായും സംസ്ഥാനത്ത് ഏറ്റവും പിന്നാക്കമായ കണ്ഡമൽ ജില്ലയിൽ ക്രിസ്ത്യൻ ജനസംഖ്യ 25 ശതമാനമായി ഉയർന്നിട്ടുണ്ട്. പരിവാർ സംഘങ്ങൾ സ്വാഭാവികമായും ഇതിൽ രോഷാകുലരായി. ആ രോഷം പുറത്തേക്കൊഴുക്കാൻ അവസരം കാത്തിരിക്കുകയായിരുന്നു അവർ.

45 കൊല്ലമായി സംസ്ഥാനത്ത് ഘർവാപസി പ്രസ്ഥാനത്തെ നയിക്കുന്ന നേതാവായിരുന്നു 81കാരനായ സ്വാമി ലക്ഷ്മണാനന്ദ സരസ്വതി. മേൽജാതി ഹിന്ദുക്കളായ ജന്മിമാരുടെ നിർലോഭമായ സഹായം അദ്ദേഹത്തിനുണ്ടായിരുന്നു. ആദിവാസികളെയും ദലിതുകളെയും ഹിന്ദുക്കളെന്ന പേരിൽ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി മേൽജാതിക്കാരുടെ അടിമത്തത്തിൽതന്നെ തളച്ചിടാൻ അദ്ദേഹത്തിനു പ്രീണനങ്ങൾക്കും പ്രലോഭനങ്ങൾക്കുമപ്പുറം ദണ്ഡനമുറകളും സ്വീകരിക്കേണ്ടിവന്നു. ഇത് സംസ്ഥാനത്ത് സജീവമായ മാവോയിസ്റ്റുകളെ സ്വാമിയുടെ ശത്രുക്കളാക്കി. കഴിഞ്ഞ ആഗസ്റ്റ് 23-നു അദ്ദേഹത്തെയും ഏതാനും കൂട്ടുകാരെയും അവർ വധിച്ചു.

അതുവഴി സംഘ്പരിവാറിന് കാത്തിരുന്ന കാരണം വീണു കിട്ടുകയായിരുന്നു. സ്വാമിവധത്തിന്റെ ഉത്തരവാദിത്വം ക്രിസ്ത്യാനികളിൽ ചുമത്തി അവർ മോഡിയുടെ ആക്ഷൻ-റിയാക്ഷൻ സിദ്ധാന്തം സത്വരം പ്രാവർത്തികമാക്കി തുടങ്ങി. ലക്ഷ്മണാനന്ദ സരസ്വതിയെ വധിച്ചത് തങ്ങളാണെന്ന് മാവോയിസ്റ്റുകൾ അന്നേ വെളിപ്പെടുത്തിയിരുന്നു. പിന്നീട് മാവോയിസ്റ്റ് നേതൃത്വം പോലീസ് അധികാരികളെ ഫോണിൽ വിളിച്ച് നേരിട്ട് വിവരം പറയുകയുമുണ്ടായി. അതൊന്നും ഹിന്ദുത്വയുടെ 'റിയാക്ഷന്' തടസ്സമായില്ല. സ്വാമിവധത്തിലെ പ്രതികളായി മൂന്നു മാവോയിസ്റ്റുകൾ അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ അവരിൽ രണ്ടു പേർ ക്രിസ്ത്യാനികളാണെന്നായി ന്യായം. എന്നാൽ ഒരാൾ ഹിന്ദുവാണെന്ന് പോലീസ് പറയുന്നില്ല. ഇനി രണ്ടു പേർ ക്രിസ്ത്യൻ സമുദായത്തിൽ പെട്ടവരാണെങ്കിൽ തന്നെ, മാവോയിസ്റ്റുകൾ ഹിന്ദുമതത്തിൽനിന്നെന്ന പോലെ ക്രിസ്തുമതമുൾപ്പെടെയുള്ള എല്ലാ മതങ്ങളിൽനിന്നും മുക്തരാണെന്ന സത്യവും സംഘ്പരിവാറിനു പ്രശ്നമല്ല. അതിരിക്കട്ടെ, മൂന്നിൽ രണ്ട് ക്രിസ്ത്യാനികളാണെങ്കിൽ ഒരാൾ ഹിന്ദു തന്നെ ആയിരിക്കണമല്ലോ. അപ്പോൾ ക്രിസ്ത്യാനികളും ഹിന്ദുക്കളും ചേർന്നാണ് സ്വാമിയെ വകവരുത്തിയതെന്നു വരുന്നു. എങ്കിൽ പ്രതികാരം ക്രിസ്ത്യാനികളോടു മാത്രമാകുന്നതിന് എന്താണ് ന്യായം?

ഒറീസയിലെ ക്രൈസ്തവ സഹോദരങ്ങൾ ഇപ്പോൾ അനുഭവിച്ചുതുടങ്ങിയ ദുരിതം കഴിഞ്ഞ ആറുപതിറ്റാണ്ടുകളായി ഏതാണ്ടെല്ലാ സംസ്ഥാനങ്ങളിലും മുസ്ലിംസമുദായം അനുഭവിച്ചു വരുന്നതാണ്. ക്രൈസ്തവ സമൂഹം അതുകണ്ടില്ലെന്നു നടിക്കുകയോ ഫാഷിസ്റ്റു ചെയ്തികളെ നിശ്ശബ്ദം അംഗീകരിക്കുകയോ ആണ് ചെയ്യാറുള്ളത്. ബാബരി മസ്ജിദ് അടിച്ചുതകർക്കപ്പെട്ടപ്പോൾ ആ കിരാതമായ അക്രമത്തിനെതിരെ നാസ്തികരുടെയും നിർമതരുടെയും ശബ്ദത്തോളം പോലും ന്യായപ്രമാണത്തിന്റെ ഇടയന്മാരുടെയും കുഞ്ഞാടുകളുടെയും ശബ്ദം ഉയർന്നു കണ്ടില്ല. ഒറീസാ സംഭവം അവരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഇന്ത്യയിൽ ഇന്ന് ഒരു ന്യൂനപക്ഷം നേരിടുന്ന പ്രശ്നം നാളെ മറ്റു ന്യൂനപക്ഷങ്ങളും നേരിടേണ്ടിവരും. അതിനാൽ ഓരോ ന്യൂനപക്ഷത്തിന്റെയും പ്രശ്നം എല്ലാ ന്യൂനപക്ഷങ്ങളുടെയും പ്രശ്നമായി കാണേണ്ടതുണ്ട്. ഓരോരുത്തരും സ്വന്തം കാര്യം മാത്രം സിന്ദാബാദ് എന്നായാൽ ആരുടെ കാര്യവും നേടാൻ പോകുന്നില്ല. ■